RED SALUTE

മനോരമ– ഇമ്മാനുവൽ സിൽക്സ് കളർ റിയാലിറ്റി ഷോയിൽ ഇന്നലെ ചുവപ്പു വസ്ത്രമണിഞ്ഞെത്തിയവർ

തൃശൂർ പുറനാട്ടുകരയിലെ വീട്ടിൽനിന്നു പുറപ്പെടുമ്പോൾ ദേവിക മേനോനെ യാത്രയാക്കുന്ന അമ്മ സിന്ധു.

തീർച്ച, എന്റെ അമ്മയുണ്ട് സദസ്സിലെവിടെയോ...!

മകളുടെ മോണോ ആക്ട് കാണാൻ 4 വർഷമായി എല്ലാ വേദിയിലും എത്തിയിരുന്ന അമ്മ രോഗക്കിടക്കയിൽ

2018ലെ സംസ്ഥാന കലോത്സവത്തിൽ ആലപ്പുഴയിൽ ദേവികയുടെ മത്സരം. കാണാൻ അമ്മയെത്തിയപ്പോൾ.

തൃശൂർ● ''വേദിയിൽ കയറുമ്പോൾ ഞാൻ മനസ്സിലുറപ്പിക്കും, അമ്മ സദസ്സിലുണ്ട്. ഞാൻ കാണാതെ ഒളിച്ചിരിപ്പുണ്ട്. എന്റെ മോണോ ആക്ട് ആസ്വദിക്കുന്നുണ്ട്...'' ദേവിക മേനോൻ ഇതു പറഞ്ഞുറപ്പിച്ചപ്പോഴാണു 3 ദിവസം മുൻപേ എല്ലാമൊരുങ്ങിവച്ച ബാഗ് അമ്മ സിന്ധു എടുത്തു കയ്യിൽ കൊടുത്തത്. കൺവെട്ടത്ത് അമ്മയില്ലാത്ത ആദ്യ കലോത്സവ വേദിയിലേക്കു ദേവികയെ പറഞ്ഞുവിട്ടത്.

ദേവിക തെല്ലും സങ്കടമില്ലാതെ വേദിയിൽ എത്തി കാണേണ്ട കാൻസറിനെയും കീമോതെറാപ്പിയെയും വെല്ലുവിളിച്ചു മകളുടെ പ്രകടനം കാണാൻ 4 വർഷമായി എല്ലാ കലോത്സവ വേദിയിലും എത്തിയിരുന്ന അമ്മയുടെ മകളാണവൾ.

ആലപ്പുഴയിൽ നടന്ന കഴിഞ്ഞ സംസ്ഥാന കലോത്സവത്തിന്റെ തലേദിവസം അമ്മയ്ക്കു തൃശൂരിൽ കീമോ തെറാപ്പിയുണ്ടായിരുന്നു. വരില്ലെന്നുറപ്പിച്ചു; പക്ഷേ, മത്സരിക്കാൻ കയറുന്ന നിമുഹൂർത്തം അമ്മ അതാ വേദിക്കരികിൽ; ഒരു തെരട്ടിക്കാൽ 10 നാൾ മുൻപു ഗുരുവായൂരിൽ ബില്ലാ കലോത്സവം. കുച്ചിപ്പുഡിയും മോണോ ആക്ടും അവതരിപ്പിക്കുമ്പോൾ ഒരു തൂണിന്റെ മറവിൽ അമ്മ ഇരിപ്പുണ്ടായിരുന്നു. മോണോ ആക്ടിന് ഒന്നാം സ്ഥാനവുമായി അവൾ അമ്മയുടെ അരികിലേക്ക് ഓടിയെത്തി.

ഇക്കുറി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മോണോ ആക്ട് വേദിയിലേറിയപ്പോൾ ആപത്തിനു തെറ്റി. വരില്ല; വരണമെന്ന് അമ്മ വാശിപിടിച്ചിരുന്നു. പക്ഷേ, വേദന കുറയ്ക്കാൻ മോർഫിന്റെ മയക്കമാണു ഡോക്ടർ കുറിച്ച ചികിത്സാവിധി. ഗുരുവുമാണു ദേവികയ്ക്ക് അമ്മ. ദേവിക പഠിക്കുന്ന തൃശൂർ പുറനാട്ടുകര ശ്രീശാരദ ഹൈസ്കൂളിൽ കണക്ക് അധ്യാപിക. അച്ഛൻ രവീന്ദ്രൻ പുറനാട്ടുകര ശ്രീരാമകൃഷ്ണ ഹയർ സെക്കൻഡറി സ്കൂളിൽ മലയാളം അധ്യാപകൻ.

പൂരപ്പകൽ

ജയസൂര്യ

ഫോൺ ഇൻ

വിഷ്ണുനാഥ്

ജയസൂര്യ വിളിച്ചു...

വിഷ്ണു, അടുത്ത സിനിമയിൽ ഞാനുമുണ്ടേ...

"ഭാവിയിൽ നമുക്ക് ഒരുമിച്ച് അഭിനയിക്കാനുള്ള ഭാഗ്യമുണ്ടാകട്ടെ...'' നടൻ ജയസൂര്യയുടെ ആശംസാ വാക്കുകൾ കേട്ടപ്പോൾ വിഷ്ണുനാഥിന് അത്ഭുതം. താൻ സിനിമയിൽ അഭിനയിച്ച കാര്യം എങ്ങനെ ചേട്ടൻ അറിഞ്ഞു എന്നു വിഷ്ണുനാഥിനു തിരിച്ചുചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ഇഷ്ട നടനോട് ഫോണിൽ സംസാരിക്കാൻ അവസരം കിട്ടിയ സന്തോഷത്തിനിടയ്ക്ക് അതൊന്നും കഴിഞ്ഞില്ല. ജയസൂര്യ പറഞ്ഞ അഭിനന്ദന വാക്കുകളിൽ ആകാശം തൊട്ടുനിന്നുപോയി വിഷ്ണു.

ഹൈസ്കൂൾ വിഭാഗം ആൺകുട്ടികളുടെ മോണോ ആക്ട് മത്സരത്തിൽ എ ഗ്രേഡ് നേടിയതിനുള്ള സമ്മാനമായി മലയാള മനോരമയാണു ജയസൂര്യയോടു ഫോണിൽ സംസാരിക്കാൻ വിഷ്ണുനാഥിന് അവസരമൊരുക്കിയത്. കലോത്സവത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്ത ശേഷം മടങ്ങുമ്പോൾ മോണോ ആക്ട്, മിമിക്രി മത്സരഫലം എപ്പോൾ വരുമെന്നു തിരക്കിയാണു ജയസൂര്യ മടങ്ങിയത്. റിലീസിന് ഒരുങ്ങുന്ന ഒരു 'പക്കാ നാടൻ പ്രേമം' എന്ന സിനിമയിൽ നായകനടന്റെ കുട്ടിക്കാലം അവതരിപ്പിക്കാൻ അവസരം കിട്ടിയതിന്റെ സന്തോഷത്തിനിടയ്ക്കാണു കലോത്സവ വേദിയിൽനിന്ന് അപ്രതീക്ഷിത സമ്മാനം. സിനിമയിൽ അഭിനയിച്ച കാര്യമൊന്നും അറിയാതെയാണ് മണിച്ച് അഭിനയിക്കാനുള്ള ഭാഗ്യം ഉണ്ടാകട്ടെ എന്നു ജയസൂര്യയും ആശംസിച്ചത്.

എന്തൊക്കെയുണ്ടു വിശേഷം? എ ഗ്രേഡ് അടിച്ചല്ലേഎന്ന ചോദ്യത്തോടെയാണു ജയസൂര്യ സംസാരിച്ചു തുടങ്ങിയത്. അതെ, ആദ്യ സംസ്ഥാന കലോത്സവത്തിൽ എ ഗ്രേഡ് എന്നു മറുപടി. വിജയങ്ങൾ ഒരിക്കലും തലക്കനം വർധിപ്പിക്കരുതെന്നു ജയസൂര്യ ഓർമിപ്പിച്ചു. ജീവിക്കാനുള്ള വരുമാനം കലയിലൂടെ കിട്ടുക എന്നതാണ് ഒരു കലാകാരന്റെ ഭാഗ്യം. നമ്മെ പ്രോത്സാഹിപ്പിക്കുന്ന ആളുകളോടു നേരിട്ടു കുടുംബസമേതം ജയസൂര്യ പറഞ്ഞു.

കണ്ണൂർ മമ്പിൽ ഐഎച്ചഎസ്എസ് ജിഎച്ചഎസ്എസ് വിദ്യാർഥിയായ വിഷ്ണുനാഥ് പഴശ്ശിക്കടവ് കണ്ണപ്പിലാവി ദിവാകരന്റെയും ഷീജയുടെയും മകനാണ്. പ്രവാസികൾ നാട്ടിൽ അനുഭവിക്കുന്ന ദുരിതങ്ങൾ കോർത്തിണക്കിയാണു വിഷ്ണുനാഥ് മോണോആക്ട് അവതരിപ്പിച്ചത്. ആന്ധ്രയിൽ തന്റെ സഹപാഠിയായ കൺവർഷൻ സെന്ററിനു പ്രവർത്തനാനുമതി കിട്ടാതെ ജീവനൊടുക്കിയ പ്രവാസി വ്യവസായി സാജൻ പാറയിലിന്റെ നാട്ടിൽ നിന്നു വരുന്ന കുട്ടിമറ്റത്തു വിഷയം തിരഞ്ഞെടുക്കാനാണ്...!

അപ്പീലുമായി വിമാനത്തിൽ; വഴിയിൽ ബ്ലോക്ക്, രക്ഷിച്ചതു പൊലീസ്

■ സാവൻ അരങ്ങിലത്തിയതു നീണ്ട കാത്തിരിപ്പിനൊടുവിൽ

കാഞ്ഞങ്ങാട് ● തിരുവനന്തപുരത്തു നിന്നു വിമാനമാർഗം മത്സരവേദിയിലേക്ക് അപ്പീൽ അനുമതിയുമായി പുറപ്പെട്ടയാൾ റോഡിലെ ഗതാഗതക്കുരുക്കിൽ കുടുങ്ങി.

ഒടുവിൽ അപ്പീൽ അനുമതി രേഖയുമായി ഇയാളെ ബൈക്കിൽ മത്സരവേദിയിലെത്തിച്ച് സിവിൽ പൊലീസ് ഓഫീസർ.

തലശ്ശേരി കടമ്പൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സാവൻ എന്ന വിദ്യാർഥിയുടെ അപ്പീലാണു ഗതാഗതക്കുരുക്കിലായത്. തിരുവനന്തപുരത്തുനിന്നു വിമാനമാർഗം മടങ്ങുന്നിലെക്കെത്തിയ അപ്പീൽ സ്കൂൾ അധ്യാപകനായ അരവിന്ദാക്ഷൻ റോഡ് വഴി കൊണ്ടുവരുന്നതിനിടെയാണു കാഞ്ഞങ്ങാട്ടിനടുത്തു ഗതാഗതക്കുരുക്കിലായത്. ഈ സമയത്ത് മത്സരം അവസാനിച്ചിരുന്നുള്ള അറിയിപ്പു വന്നു. അപ്പീൽ എത്തുന്നതും കാത്ത് വേദിക്കരികിൽ മണിക്കൂറുകളോളം വേഷം കെട്ടിനിന്ന സാവനും അമ്മ ജുൽനയും ഇതോടെ സങ്കടക്കടലിലായി. കുരുക്കിൽപെട്ട അധ്യാപകൻ ഉത്തരവ് പകർപ്പ് വാട്സാപ്പിൽ അയച്ചെങ്കിലും സംഘാടകർ സ്വീകരിക്കാൻ തയാറായില്ല

ഈ സമയത്ത് ട്രാഫിക് പുതമലയിലുണ്ടായിരുന്ന സിവിൽ പൊലീസ് ഓഫീസർ ബൈക്കിൽ കയറ്റി അപ്പീലുമായി വേദിയിലേക്കു കുതിച്ചു. നിർത്തിവച്ച മത്സരം സാവനു വേണ്ടി വീണ്ടും തുടർന്നു. കുട്ടി എ ഗ്രേഡ് നേടി.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം കോൽകളിയിൽ എ ഗ്രേഡ് നേടിയ കാഞ്ഞങ്ങാട് ദുർഗ എച്ചഎസ്എസ് ടീം പടന്നക്കാട് തുക്കുപാലത്തിൽ.

കഥ: വേനൽ മഴ
ഒന്നാം ദിനം
ഹയർ സെക്കൻഡറി കഥകളി ഗ്രൂപ്പ് മത്സരം നടന്ന പടന്നക്കാട് സതേ്യോദയ സ്കൂളിലെ വേദിയിൽനിന്നു മഴയത്തു കുടചൂടി മടങ്ങുന്നവർ.

ഹയർസെക്കൻഡറി വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയ തേജ സുനിൽ (സെന്റ് തേരേസാസ് എഐഎച്ചഎസ്എസ് കണ്ണൂർ)

സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഹൈസ്കൂൾ വിഭാഗം കുടിയാട്ടത്തിൽ എ ഗ്രേഡ് നേടിയ നീലേശ്വരം രാജാസ് എച്ചഎസ്എസ് ടീം.

കേരള സ്കൂൾ കലോത്സവം
നവംബർ 28 – ഡിസംബർ 1

മലയാള മനോരമ
കാസർ...ഡ്
ഇത് കലയുടെ കാസർകോടാ!

പൂരക്കളി തുടങ്ങാറായി; പാട്ടുകാരനെ കാണാതായി...

പൂരക്കളി മത്സരത്തിൽ പങ്കെടുക്കാൻ കൊല്ലം ജില്ലയിൽ നിന്നെത്തിയ സംഘത്തിലെ ടീമിലെ പാട്ടു പാടേണ്ട കുട്ടിയെ കാണാതായത് 4 മണിക്കൂർ. പൊലീസടക്കം മത്സരാർഥിയെത്തപ്പി രംഗത്തിറങ്ങി. മത്സരം നീട്ടിവച്ചിട്ടും കുട്ടി എത്താതായതോടെ ഒരാളൊഴികെ ബാക്കി 11 പേർ വേദിയിലേറി. എന്താണു സംഭവിച്ചത്?

■ **11.30:** പടന്നക്കാട് കാർഷിക കോളജിലെ വേദി. കൊല്ലം പാറപ്പള്ളി അമൃത വിദ്യാലയത്തിലെ സംഘം പൂരക്കളിയിൽ വേഷമേറാനായി മറ്റുണ്ടു ബോഴാണു പാട്ടു പാടേണ്ട എട്ടാം ക്ലാസ് വിദ്യാർഥി ഒപ്പമില്ലെന്ന് അറിയുന്നത്.

■ കാണാതായ വിവരം വേദിയിൽ നിന്ന് അനൗൺസ് ചെയ്തു. കാർഷിക കോളജിന്റെ പരിസരത്തെല്ലാം തിരച്ചിൽ നടത്തി.

■ **2.30:** വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ കെ.വി. പുഷ്പ സ്ഥലത്തെത്തി. കുട്ടിയെ കാണാതായ വിവരം ഡിഡിഒ അറിയിച്ചു. പൊലീസ് ഇടപെട്ടു.

■ **3.00:** കൂടെ വന്നവരുടെ സാന്നിധ്യത്തിൽ പൊലീസ് സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചു. ഫലമുണ്ടായില്ല. മത്സര സമയം ഇനിയും നീട്ടാനാവില്ല.

■ **3.25:** പ്രധാന പാട്ടുകാരൻ ഇല്ലാതെ ടീം വേദിയിലെത്തി. മറ്റാരു; കുട്ടി പാട്ടു പാടി. 12നു പകരം 11 പേർ വേദിയിൽ.

■ **4.00:** കളി കഴിഞ്ഞപ്പോൾ സിഐ സുനിൽ കുമാറിന്റെ ഫോണിൽ സന്ദേശമെത്തി. കാണാതായതെന്നു സംശയിക്കുന്ന ഒരു കുട്ടിയെ ഭക്ഷണശാലയ്ക്കു സമീപത്തു കണ്ടെത്തിയെന്നു വിവരം.

■ അധ്യാപകരെയും കുട്ടി പൊലീസ് കൈവുവിപ്പിച്ചിയിലേക്കു കുതിച്ചു.

■ **4.15:** പൊലീസ് തിരിച്ചെത്തുന്നു. ജീപ്പിൽ നിന്നു ശാന്തനായി കുട്ടി ഇറങ്ങി. സഹപാഠികൾ ഓടിയെത്തി അവനെ ചേർത്തു പിടിച്ചു.

ഈ സമയം വേദിയിൽനിന്നു പൂരക്കളി മത്സരത്തിന്റെ ഫലം വന്നു. കൊല്ലം ടീമിന് എ ഗ്രേഡ്. സംഘത്തിന് ഇരട്ടി സന്തോഷം!

റിപ്പോർട്ടുകൾ:

സന്തോഷ് ജോൺ തൂവൽ
അരുൺ എഴുത്തച്ഛൻ
നഹാസ് മുഹമ്മദ്
കെ.പി സഫീന
ഫൈസൽ നീലേങ്ങാടൻ
ജിബിൻ ജോർജ്
സായൂജ്യ സെബാസ്റ്റ്യൻ
എസ്. അഖിൽ
പി.ചന്ദ്രമോഹൻ
മണികണ്ഠൻ പാലിച്ചിയടുക്കം
കെ.എസ്. ഹരി
ചന്ദ്രദാസ് തൃക്കരിപ്പൂർ
സുധീരൻ മയിച്ച
കെ.ബാബു
ശ്യാം ബാബു വെള്ളിക്കോത്ത്
രവീന്ദ്രൻ കൊട്ടോടി
പ്രസന്നൻ കാരിയിൽ
കെ.ആർ. സാനു
പി.ഡി.വിനോദ്

ചിത്രങ്ങൾ:

ആർ.എസ്. ഗോപൻ
സജീഷ് ശങ്കർ
സമീർ എ. ഹമീദ്
എം.ടി. വിധുരാജ്
അരവിന്ദ് ബാല
ജിബിൻ ചെമ്പോല
ഗിബി സാം
ഹരിലാൽ
ജിതിൻ ജോയൽ ഹാരിം

നടി അനു സിത്താരയുടെ സഹോദരി അനു സെനാദ, ഹയർ സെക്കൻഡറി കഥകളി ഗ്രൂപ്പ് മത്സരത്തിനു ശേഷം അമ്മ രേണുകയ്ക്കൊപ്പം.

ഉള്ളിലെ നോവുകൾ മായും മകളുടെ മേളം കേട്ടാൽ

റഷീദയും മകൾ അദ്വൈതയും

കാഞ്ഞങ്ങാട് ● ഉള്ളിൽ പരാധീനതകളുടെ വലിയ പെരുമ്പറ മുഴങ്ങുമ്പോഴും മകൾ അദ്വൈത ബാൻഡ് മുഴക്കുന്നതു നിലയ്ക്കരുതെന്നു റഷീദയ്ക്കു വാശി ഉണ്ടായിരുന്നു. ജീവിതത്തിൽ തന്നെ തോൽപ്പിച്ചവർക്കു മകളുടെ വിജയങ്ങളിലൂടെ മറുപടി നൽകുന്നതിന്റെ സന്തോഷം കൂടിയുണ്ടു റഷീദയ്ക്ക്. കോഴിക്കോട് ജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ അദ്വൈത കൂടി അംഗമായ പ്രൊവി ഡൻസ് സ്കൂളിന്റെ ബാൻഡ് ടീം സംസ്ഥാന തലത്തിലേക്കു യോഗ്യത നേടിയപ്പോൾ ഏറ്റവും സന്തോഷിച്ചതും റഷീദയാണ്.

വർഷങ്ങൾക്കു മുൻപു ഭർത്താവു തന്നെയും കുഞ്ഞുങ്ങളെയും ഉപേക്ഷിച്ചു പോയിടത്തുനിന്നു തളരാതെ പൊരുതിയ റഷീദയുടെ കഥയ്ക്ക് ഏതു ബാൻഡ് മേളത്തേക്കാൾ മുഴക്കമേറും. കോഴിക്കോട് കുണ്ടായിത്തോട്ടുള്ള സ്വകാര്യ സ്ഥാപനത്തിൽ ദിവസ വേതനക്കാരിയാണു റഷീദ ചെറുവണ്ണൂരിൽ വാടക വീട്ടിലാണു താമസം. മകളുടെ പഠനച്ചെലവും ജീവിതച്ചെലവും കുട്ടിമുട്ടിക്കാൻ പാടാണെങ്കിലും മകളുടെ ഇഷ്ടത്തിനൊപ്പം റഷീദ നിന്നു. പത്താം ക്ലാസ് വിദ്യാർഥിയായ അദ്വൈതയെ മാർഗംകളി ടീമിലേക്കും തിരഞ്ഞെടുത്തിരുന്നെങ്കിലും ഭാരിച്ച ചെലവു മുൻപിൽകണ്ടു പിൻവാങ്ങുകയായിരുന്നു. ബാൻഡ് ടീമിൽ ഒരു കുട്ടിക്കു ശരാശരി 6000 രൂപ വരെ ചെലവു വരും. സ്കൂൾ അധികൃതരും അധ്യാപികയും ചേർന്നാണ് ഈ തുക കണ്ടെത്തിയത്. ഇന്നു ബാൻഡ് മത്സരത്തിൽ മകളുടെ പ്രകടനം കാണാൻ റഷീദയും കാഞ്ഞങ്ങാട്ടെത്തിയിട്ടുണ്ട്.